IV. സബ്മിഷൻ

(1) വാവുബലിദിനം പൊതു അവധിയായി പ്രഖ്യാപിക്കണമെന്നത് സംബന്ധിച്ച്

ശ്രീ. തമ്പാനൂർ രവി: കേരളത്തിൽ കർക്കിടക വാവിന് ബലി തർപ്പണത്തിന് പോകുന്ന നിരവധി ആളുകളുണ്ട്. അതിന് അരദിവസത്തെ അവധിയാണ് സംസ്ഥാന ഗവൺമെൻറ് ഇപ്പോഴും അനുവദിച്ചിട്ടുള്ളത്. അത് പൂർണ്ണ അവധിയാക്കി മാറ്റണമെന്ന ആവശ്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. കേന്ദ്രഗവൺമെൻറ് ആർ. എച്ച്. അനുവദിക്കുന്നുണ്ട്. അരദിവസത്തെ അവധി അനുവദിക്കുമ്പോഴും ഓഫീസുകളും നേരെ ഫങ്ഷൻ ചെയ്യില്ല. സ്കൂളുകളും വേണ്ട രീതിയിൽ പ്രവർത്തിക്കില്ല. അതുകൊണ്ട് ബലി തർപ്പണത്തിന് കൂടുതൽ സൗകര്യം ഒരുക്കാൻ വേണ്ടി കർക്കിടക വാവിന് ഈ വർഷം അരദിവസത്തെ അവധി പൂർണ്ണ അവധിയാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം.

11 A. M.]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): കർക്കിടക വാവുബലിക്ക് ഇപ്പോഴും അനുവദിക്കുന്ന സിസ്റ്റം മാറ്റണമെന്ന് നിവേദനം കിട്ടിയിട്ടുണ്ട്. ഇവിടെ നിരവധി അംഗങ്ങളും എഴുതിതന്നിട്ടുമുണ്ട്. ഇപ്പോഴും പൊതുവേ നിലവിലുള്ള ഒരു സിസ്റ്റം തുടരുന്ന സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. വളരെപ്പെട്ടെന്ന് അത് സംബന്ധിച്ച് തീരുമാനം പറയാനാവില്ല. ഇത് ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

(2) ഇടുക്കി ജില്ലയിലെ കാലവർഷക്കെടുതി

ശ്രീ. കെ. കെ. ജയചന്ദ്രൻ: കഴിഞ്ഞ പത്ത്പതിനഞ്ച് ദിവസങ്ങളായി കേരളമാകെയുള്ള പേമാരിയിലും കാറ്റിലും വൻ നാശനഷ്ടമുണ്ടായിരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനമായും ഇടുക്കിജില്ലയിൽ നൂറുകണക്കിന് വീടുകളും പൂർണ്ണമായും അതിന്റെ ഇരട്ടിയോളം വരുന്ന വീടുകളും ഭാഗികമായും തകർന്നു. പന്ത്രണ്ട് ആളുകളാണ് അവിടെ മരിച്ചത്. അതിൽ പത്ത് പേർ ദേവികുളത്തുള്ളവരാണ്. അതിൽ ഒരു കുട്ടി ശാന്തൻപാറ പഞ്ചായത്തിലെ വള്ളിക്കുന്നിൽ താമസിക്കുന്ന വാഴട്ടുവീട്ടിൽ ശശിയുടെ മകൻ വിശാഖ് 16 വയസ്സ്. ആ കുട്ടിയുടെ മൃതദേഹം ഇതുവരെ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ പരിശ്രമവും നടത്തിയെങ്കിലും കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണ്. മറെറാരു പ്രധാനപ്പെട്ട പ്രശ്നം 668 ഹെക്ടർ സ്ഥലത്ത് കൃഷി നശിച്ചുവെന്നാണ് ഇന്നലെവരെയുള്ള കണക്ക്. അവിടെ കൃഷിചെയ്യാൻ ആവശ്യമായ അടിയന്തിര സഹായം പ്രഖ്യാപിച്ചെങ്കിലും അവർക്ക് ലഭിക്കുന്നില്ല. എൻറെ നിയോജകമണ്ഡലത്തിൽതന്നെ ഏഴ് ആദിവാസി കുടികളാണ്. അതിൽ സ്ഥിരമായി താമസിക്കുന്ന ആദിവാസികളെ സംബന്ധിച്ചിടത്തോളം അവരുടെ സ്ഥിതി വളരെ ശോചനീയമാണ്. അവിടെ സൂര്യനെല്ലിയിൽ ചിന്നകനാൽ പഞ്ചായത്തിൽ താമസിക്കുന്ന ആദിവാസികളിലധികവും കാലവർഷക്കെടുതിയും ആന ശല്യവും കാരണം അവിടെനിന്നുംപോയി. ഒരു വിദഗ്ദ്ധ സംഘത്തെ അയച്ച് അവരെ അവിടെത്തന്നെ താമസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. പതിനേഴ് ഡാമുകളാണ് ഈ ജില്ലയിൽ ഉള്ളത്. അതിൽ പതിനാറെണ്ണവും കവിഞ്ഞൊഴുകുകയാണ്. മുല്ലപ്പെരിയാർ

LIBRARY ARCHIVES Kerala Legislative Assembly

ഡാമും കവിഞ്ഞൊഴുകുകയാണ്. 136 അടിയായിത്തന്നെ ക്രമീകരിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം. ഡാമിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനും നടപടി ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ വളരെയധികം നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ പ്രാവശ്യം ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളത് ഇടുക്കി ജില്ലയിലാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചപോലെ ഉടുമ്പൻചോല മണ്ഡലത്തിലും ദേവികുളം താലൂക്കിലും നഷ്ടം വ്യാപകമാണ്. ഗവൺമെൻറിന് ചെയ്യാൻ സാധിക്കുന്ന വിധത്തിലുള്ള എല്ലാ സഹായങ്ങളും ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഇവിടെനിന്ന് മൂന്നാറിലേക്ക് അയച്ച പട്ടാള വിഭാഗം ഇപ്പോഴും സംഭവസ്ഥലത്ത് ക്യാമ്പ് ചെയ്യുകയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളിലൊക്കെ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരെ സഹായിക്കുന്നുണ്ട്. കൃഷിനാശം സംഭവിച്ചവർക്ക് ഗവൺമെൻറിൻെറ ഇപ്പോഴത്തെ നോംസ് അനുസരിച്ചുള്ള നഷ്ടപരിഹാരം കൊടുക്കാനുള്ള നിർദ്ദേശം ഇതിനകംതന്നെ കൊടുത്തുകഴിഞ്ഞു. ആവശ്യമായ ഫണ്ടും അനുവദിക്കുന്നതാണ്. ഇത് താൽക്കാലികമാണെന്ന് പറയുന്നതിനോട് യോജിക്കുന്നു. പക്ഷേ നിബന്ധനയ്ക്കുള്ളിൽ നിന്നേ ചെയ്യാൻ സാധിക്കുകയുള്ളൂ. അതേസമയം വീടുകളുടെ നാശനഷ്ടത്തിനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി കൊടുക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിധത്തിലുള്ള സഹായവും ചെയ്യുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ആദിവാസികളുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഏതൊക്കെ കുടികളാണെന്ന് എഴുതിത്തന്നാൽ കളക്ടറുമായി ബന്ധപ്പെട്ട് അതിനാവശ്യമായ നടപടി സ്വീകരിക്കാം.

(3) നിക്ഷേപകരെ കബളിപ്പിച്ച ഇൻറഗ്രേറ്റഡ് ഫൈനാൻസ് കമ്പനിക്കെതിരെ നടപടി

ശ്രീ. രാജു എബ്രഹാം: സർ, ഇൻറഗ്രേറ്റഡ് ഫിനാൻസ് കമ്പനി ആയിരം കോടിയിലധികം രൂപയുടെ വെട്ടിപ്പ് നടത്തിയിരിക്കുകയാണ്. കേരളം കണ്ട ഏറ്റവും വലിയ സാമ്പത്തിക വെട്ടിപ്പിൽ ഒന്നായി ഈ തട്ടിപ്പ് മാറുന്നു. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ മാത്രം 50 കോടിയിലധികം രൂപയാണ് തട്ടിയെടുത്തിരിക്കുന്നത്. അവിടെ നിക്ഷേപകർ വമ്പിച്ച പ്രക്ഷോഭവും ഉപരോധവും നടത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പോലീസിനും പരാതി നൽകിയിട്ടും യഥാർത്ഥ നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇതിൻെറ രഹസ്യം എന്താണെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഇക്കാര്യത്തിൽ ഗവൺമെൻറ് ഇടപെടണം. അവിടെ ബോണ്ടും ഡിബഞ്ചറും ഒന്നും നിക്ഷേപകർക്ക് വേണ്ട. അവർക്ക് mature ആയ പണം മടക്കിക്കൊടുക്കാനുള്ള അടിയന്തിര നടപടി ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ചെന്നൈ കേന്ദ്ര ഓഫീസായി പ്രവർത്തിക്കുന്ന ഇൻറഗ്രേറ്റഡ് ഫൈനാൻസ് കമ്പനിക്ക് കേരളത്തിലെ പല ജില്ലകളിലും ശാഖകളും പ്രവർത്തിക്കുന്നുണ്ട്. അവിടെ പണം നിക്ഷേപിച്ചിട്ടുള്ളവർ നിക്ഷേപം തിരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും സമരങ്ങളുമൊക്കെ നടത്തുന്നത് പത്രങ്ങളിൽ വ്യാപകമായി വന്നിട്ടുണ്ട്. നിക്ഷേപകർക്ക് കേസ് കൊടുക്കുന്നതിനോ നിയമപരമായ നടപടികളിലേക്ക് നീങ്ങുന്നതിനോ വലിയ താൽപ്പര്യമില്ല. അവർ പണം കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പോലീസിൽ പരാതി കിട്ടിയാൽ നിയമപരമായി നടപടിയെട

LIBRARY ARCHIVES Kerala Legislative Assembly